പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4097 20-03-2018 ലെ മറുപടിക്ക്

## പാറശ്ശാല മണ്ഡലത്തിൽ ഹരിത കേരള മിഷൻ ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) ഹരിത കേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിൻ കീഴിൽ ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ; | (എ) 'ജൈവകൃഷിയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം - സുജലം സുഫലം' എന്ന ഉപദൗത്യമാണ് കൃഷി വകുപ്പ് നടപ്പിലാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നെൽകൃഷി വികസനം, പച്ചക്കറി, പയറു വർഗ്ഗങ്ങൾ, തരിശു ഭൂമിയിലെ കൃഷി, കിണർ റീച്ചാർജ്ജിംഗ്, മാലിന്യ സംസ്കരണം, തരിശ് രഹിത ഗ്രാമം എന്നിവ നടപ്പിലാക്കിവരുന്നു. കുട്ടികളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി വിത്തുകളും തൈകളും വിദ്യാർത്ഥികൾക്ക് നൽകുകയും ഇവ സ്കൂൾ വളപ്പിലും വീടുകളിലും കൃഷി ചെയ്യുന്നതിന് പരിശീലിപ്പിക്കുകയും ചെയ്യുന്നു. വിത്ത് വിതരണം പരിശീലനം എന്നിവ നൽകി വനിതാ കൂട്ടായ്മകൾ വഴിയും കൃഷി പ്രോത്സാഹിപ്പിച്ച് വരുന്നു. |
| (ബി) ഈ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിലയിരുത്തുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കാമോ ; | (ബി) പാറശ്ശാല മണ്ഡലത്തിലുൾപ്പെടുന്ന പ്രദേശത്ത് നടക്കുന്ന പ്രവർത്തികളുടെ ഏകോപനവും അവലോകനവും തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ നടന്നു വരുന്നു. പൊതുവിൽ സർക്കാർ ഉത്തരവ് (പി) നം. 10/2017/ആ.സാ.വ. തീയതി 19.04.2017 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള |

| | |
|---|---|
| | ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി സംസ്ഥാന, ജില്ല, മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ ജനപ്രതിനിധികളുടെ അദ്ധ്യക്ഷതയിൽ മിഷൻ രൂപീകരിച്ചിട്ടുണ്ട്. വിവിധ തലങ്ങളിലെ മിഷനുകളെ സഹായിക്കുന്നതിനായി സംസ്ഥാന, ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ തലങ്ങളിൽ കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്. |
| (സി) ഹരിത കേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | തരിശ് രഹിതമണ്ഡലമായി പാറശ്ശാലയെ മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് മുഖേന നടന്നുവരുന്നു. കൃഷി ഭവനുകൾ വഴി തരിശു ഭൂമി കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. 'ഹരിതഭവനം' പദ്ധതി, ജൈവപച്ചക്കറി കൃഷി എന്നീ പ്രവർത്തനങ്ങളും ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. |

അണ്ടർ സെക്രട്ടറി